പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3323 — 19.10.2016-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി

ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി ഏത് വർഷം മുതലാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ട്യൂട്ടോറിയൽ പദ്ധതി 2003 മുതലാണ് നടപ്പിലാക്കി വരുന്നത്. |
| ബി) | ഏതെല്ലാം കോഴ്സുകളിൽ പഠനം നടത്തിവരുന്നവർക്ക് വേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതെന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി വരുന്നത് എന്നും വ്യക്തമാക്കാമോ; | ബി) | എസ്.എസ്.എൽ.സി, +2, ഡിഗ്രി പരാജിതരായവർക്ക് ട്യൂട്ടോറിയലുകളിൽ ചേർന്നു പഠിക്കുന്നതിനുള്ള ധനസഹായം, 8 മുതൽ +2 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നതിനുള്ള ഫീസ് എന്നിവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിൽ എസ്.എസ്.എൽ.സി, +2 പരീക്ഷയ്ക്ക് മുമ്പായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു മാസത്തെ തീവ്ര പരിശീലനവും ഈ പദ്ധതി പ്രകാരം നടത്തി വരുന്നുണ്ട്. ആഹാരം, താമസ |

സൗകര്യം, പഠനസഹായികൾ, അദ്ധ്യാപകരുടെ ഓണറേറിയം തുടങ്ങിയ ഇനത്തിൽ പരമാവധി 3500/-രൂപ ഓരോ വിദ്യാർത്ഥിക്കും അനുവദിച്ച് നൽകുന്നു. ഈ പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

8, 9 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 200/-രൂപയും 10-ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 250/- രൂപയും, +1,+2 ഹ്യൂമാനിറ്റീസ് & കൊമേഴ്സ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 350/-രൂപയും സയൻസ് കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 400/- രൂപയും ട്യൂഷൻ ഫീസായി അനുവദിച്ചു വരുന്നു.

എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി പരീക്ഷകളിൽ പരാജയപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കിൽ ആനുകൂല്യം നൽകി വരുന്നു.

**<u>എസ്.എസ്.എൽ.സി</u>**

| | | |
|---|---|---|
| ട്യൂഷൻ ഫീസ് | : | ഒരു വിഷയത്തിന് 100/-രൂപ നിരക്കിൽ 10 മാസത്തേക്ക് 1000/-രൂപ |
| സ്റ്റേഷനറി | : | 250/-രൂപ |
| യാത്രാചെലവ് | : | 500/-രൂപ |

**<u>പ്ലസ് ടു</u>**

| | | |
|---|---|---|
| ട്യൂഷൻ ഫീസ് | : | ഒരു വിഷയത്തിന് 500/-രൂപ നിരക്കിൽ പരമാവധി 3000/-രൂപ |
| സ്റ്റേഷനറി | : | 250/-രൂപ |
| യാത്രാചെലവ് | : | 500/-രൂപ |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<u>ഡിഗ്രി (ബി.എ, ബി.കോം)</u>
<table>
<tr><td>മെയിൻ പരീക്ഷ</td><td>:</td><td>1250/-രൂപ</td></tr>
<tr><td>സബ്പരീക്ഷ</td><td>:</td><td>500/-രൂപ</td></tr>
<tr><td>സ്റ്റേഷനറി</td><td>:</td><td>250/-രൂപ</td></tr>
<tr><td>യാത്രാചെലവ്</td><td>:</td><td>500/-രൂപ</td></tr>
</table>
<u>ബി.എസ്.സി</u>
<table>
<tr><td>മെയിൻ പരീക്ഷ</td><td>:</td><td>1650/-രൂപ</td></tr>
<tr><td>സബ്പരീക്ഷ</td><td>:</td><td>500/-രൂപ</td></tr>
<tr><td>പ്രാക്ടിക്കൽ പരീക്ഷ</td><td>:</td><td>1150/-രൂപ</td></tr>
<tr><td>സ്റ്റേഷനറി</td><td>:</td><td>250/-രൂപ</td></tr>
<tr><td>യാത്രാചെലവ്</td><td>:</td><td>500/-രൂപ</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഹാംലെറ്റ് കേന്ദ്രീകരിച്ച് ട്യൂഷൻ സിസ്റ്റം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>ഹാംലെറ്റ് കേന്ദ്രീകരിച്ച് ട്യൂഷൻ സിസ്റ്റം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും, കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിലേക്കുമായി ഹാംലെറ്റിലേയും പുറത്തു നിന്നുമുള്ള അഭ്യസ്ത വിദ്യരായ ആളുകളുടെ സേവനം പ്രയോജനപ്പെടുത്തി ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖാന്തിരം ടി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ